EGT-D-MLY

# മലയാളം / MALAYALAM

## പേപ്പർ II / Paper II

## (സാഹിത്യം) / ( LITERATURE )

| | |
|---|---|
| സമയം : **മൂന്ന്** മണിക്കൂർ<br>*Time Allowed : **Three** Hours* | പരമാവധി മാർക്ക് : **250**<br>*Maximum Marks : **250*** |

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

**ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :**

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ് .

**ഒന്നാമത്തെയും അഞ്ചാമത്തെയും** ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്.

ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/ വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരങ്ങൾ **മലയാളത്തിൽ (മലയാളം ലിപിയിൽ)** തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടതാണ്.

### Question Paper Specific Instructions

***Please read each of the following instructions carefully before attempting questions :***

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Question nos. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** question from each section.*

*The number of marks carried by a question / part is indicated against it.*

*Answers must be written in **MALAYALAM (Malayalam script)**.*

*Word limit in questions, wherever specified, should be adhered to.*

*Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*



Optional Province · optionalprovince.com

## SECTION A

**Q1. സന്ദർഭം സൂചിപ്പിച്ചു് ആശയം വിശദമാക്കി സാരസ്യം വ്യക്തമാക്കുക. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കിൽ കവിയരുതു് :** *10×5=50*

(a) ഓർത്തൊരുപായമതിന്നു മഹീപതിയൊണ്ണുതലാരെ വിളിച്ചരുൾചയ്താൻ
ആസ്ഥയൊടടവിയിൽ മുനിവരുമായ്ച്ചെൻറാശ്രമവാസി വിഭണ്ഡകപുത്രനെ
നേത്രവിലോഭനമഴകൊടുചേർത്തിഹ നിങ്ങൾ വരുത്തുകയെന്നതിനവരും
പേർത്തു മഹാപൂപാദികളോടെ പേടിയോഴിന്തു മഹാടവിപുക്കാർ. *10*

(b) കോകശ്രേണീ വിരഹനിഹിതം തീനുറുങ്ങെൻറപോലെ
തുകിത്തുകിത്തുഹിനകണികാം തൂർന്ന പൂങ്കാവിലൂടെ
സ്സോകോന്മീലന്നളിന തെളിതേൻ കാളകൂടാംബുകോരി -
ത്തേകിത്തേകിപ്പവനനവനെച്ചെൻറു കൊൻറാൻ തദാനീം *10*

(c) അതിപാവനമാം വിവാഹമേ !
ശ്രുതിമന്ദാരമനോജ്ഞപുഷ്പമായ്
ക്ഷിതിയിൽ സുഖമേകിനിന്ന നിൻ -
ഗതി കാൺകെത്രയധഃപതിച്ചു നീ ! *10*

(d) കുഴൽവിളി നിർത്തുവതെങ്ങനെ ? തുടരുവ -
തെങ്ങനെ ? പോംവഴിയൊന്നറിയാതെ
കുറവൻ സംഭ്രമമാർന്നു, രാവി -
ന്നറുതിവരാറായ്, വെള്ളിയുദിച്ചു ; *10*

(e) "പൂർവ്വജന്മത്തിലെക്കർമ്മ"മെന്നച്ഛന്റെ
പുണുനൂലിൽച്ചുടുകണ്ണീർ പതിയ്കവേ,
കണ്ണുപറിച്ചുനടന്നേൻ; ഉദാസീന -
നെന്നുടെ പാപമിജ്ജന്മത്തെയല്ലയോ ? *10*



Optional Province · optionalprovince.com

**Q2.** (a) ഇതിവൃത്തം, വർണ്ണന, വൃത്തം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ രാമചരിതത്തെ അടിസ്ഥാനമാക്കി വിവരിക്കുക. *20*

(b) "മണിപ്രവാള കാവ്യപാരമ്പര്യത്തിന്റെ ഒരുത്തമ പ്രതിനിധിയാണു് 'ഉണ്ണുനീലീസന്ദേശം'." സമർത്ഥിക്കുക. *15*

(c) അനുവാചകരിൽ വീരരസം ഉദ്ദീപ്തമാക്കുവാനുള്ള എഴുത്തച്ഛന്റെ യുദ്ധവർണ്ണനാപാടവം ഭീഷ്മപർവ്വത്തെ മുൻനിറുത്തി വിശദമാക്കുക. *15*

**Q3.** (a) രാഷ്ട്രീയമായും സാമൂഹികമായും സർഗ്ഗാത്മകമായും നായകൻ അനുഭവിക്കുന്ന ആന്തരിക സംഘർഷത്തെ ആത്മനിന്ദയിലൂടെയും ആത്മ വിമർശനത്തിലൂടെയും സ്വയം വിചാരണയിലൂടെയും സത്യസന്ധമായി വെളിപ്പെടുത്തുന്ന 'കുടിയൊഴിക്കൽ' എന്ന കാവ്യത്തിന്റെ രചനാതന്ത്രം ഉദാഹരണങ്ങൾ ഉദ്ധരിച്ചു് വിശദമാക്കുക. *20*

(b) "രണ്ടു സീതമാരുള്ള ഒരു സീതാകാവ്യമാണു് കുമാരനാശാന്റെ 'ചിന്താവിഷ്ടയായ സീത'. കവിപ്രതിഭയുടെ മഹത്തായ സവിശേഷതകളെയും മേന്മകളേയും പരാധീനതകളേയും സ്പഷ്ടമായുദാഹരിക്കുന്ന ഒരു കാവ്യപരാജയമാണതു്." പി.കെ. ബാലകൃഷ്ണന്റെ ഈ നിരീക്ഷണത്തിന്റെ സാധുത വ്യക്തമാക്കുക. *15*

(c) "പരമ്പരകളായി തുടർന്നുപോരുന്ന തലമുറകൾ തമ്മിലുള്ള ദാർശനികമായ അകലത്തിന്റേയും കലഹത്തിന്റേയും സർഗ്ഗാത്മകമായ സംഘർഷമാണു് 'പെരുന്തച്ച'നിലെ പ്രമേയം." വിലയിരുത്തുക. *15*

**Q4.** (a) കവിതയെപ്പറ്റി നിലവിലുള്ള ധാരണകൾ പുതുക്കുന്നതിൽ ആധുനിക കവിത വഹിച്ച പങ്ക് 'കുരുക്ഷേത്രം' എന്ന കവിതയെ മുൻനിറുത്തി വിവരിക്കുക. *20*

(b) "കാവ്യകലയുടെ അപാരവും വന്യവും സുന്ദരവുമായ സർഗ്ഗപ്രഭാവങ്ങളെ ഉണർത്തുകയാണു് 'മേഘരൂപൻ'." സമർത്ഥിയ്ക്കുക. *15*

(c) നവീന പരിസ്ഥിതി ചിന്തയുടെ വെളിച്ചത്തിൽ 'ഭൂമിയ്ക്കൊരു ചരമഗീതം' എന്ന കവിതയെ അപഗ്രഥിയ്ക്കുക. *15*



Optional Province · optionalprovince.com

## SECTION B

**Q5. ഒരോ ഉത്തരവും നൂറ്റിയമ്പതു് വാക്കിൽ കവിയരുത് :** *10×5=50*

(a) 'ഇന്ദുലേഖ'യിലെ പതിനെട്ടാമദ്ധ്യായത്തിലെ ചർച്ചയ്ക്കു് നോവലിലുള്ള പ്രസക്തിയെന്തെന്നു് ചൂണ്ടിക്കാണിയ്ക്കുക. *10*

(b) ചെമ്പൻകുഞ്ഞു് പറഞ്ഞു : "എനീക്കെനി ഒരു വാദ്ധ്യതെയേയൊള്ളു. തന്റെ കാശു് . എന്നെ നശിപ്പിക്കാനെക്കൊണ്ടു് താന് എന്റെ മൊകാളെ പെഴാപ്പിക്കാൻ വിജാരീച്ചു താന്ന കാശു്, ഇന്നാ." ഈ സന്ദർഭം ചെമ്പൻകുഞ്ഞിന്റെ സ്വഭാവചിത്രീകരണത്തിലെ പരിവർത്തനമായി കാണാമോ ? വിശദമാക്കുക. *10*

(c) "എന്നിട്ടും അർജ്ജുനന് ആ ഗാണ്ഡീവത്തിലും ആ ആവനാഴിയിലുമുള്ള മമതാഭിമാനം, അവ തനിയ്ക്കുണ്ടെന്ന ഊറ്റം ഉപേക്ഷിപ്പാൻ സാധിച്ചില്ലെന്നതാണു് ഈ വിഷാദകഥയുടെ അന്ത്യേയറ്റം." വിശദമാക്കുക. *10*

(d) "ഞാൻ മുറിച്ചുകളഞ്ഞ മുടി അവനു് ഗർഭപാത്രത്തിൽ കുരുത്തതാണെന്ന അറിവു് എന്നെ വീർപ്പുമുട്ടിയ്ക്കുവാൻ തുടങ്ങി." സിസ്റ്റർ അഗതയുടെ വാക്കുകളിലെ ആന്തരാർത്ഥം വ്യക്തമാക്കുക. *10*

(e) "ചങ്ങമ്പുഴയുടെ ദാമ്പത്യജീവിതത്തിൽ നിലനിന്ന സംഘർഷാത്മകമായ അന്തരീക്ഷം അതേപടി 'കളിത്തോഴി'യിലും ചിത്രീകൃതമായിട്ടുണ്ടു്." വിശദമാക്കുക. *10*

**Q6.** (a) "ഇതു് കർമ്മപരമ്പരയുടെ സ്നേഹരഹിതമായ കഥയാണു്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളു." ഖസാക്കിന്റെ ഇതിഹാസത്തിലെ ഈ ജ്ഞാനോക്തികൾ നോവലിന്റെ കഥാഗതിയെ പിന്തുടരുന്നതെങ്ങനെ ? *20*

(b) "നിസ്സഹായനായ ഒരുവനെ പറ്റം ചേർന്നു് ഒറ്റപ്പെടുത്തുന്ന ആൾക്കൂട്ടമാണു് 'ചെമ്മീനി'ലെ സമൂഹം. അനാഥനായി ജനിയ്ക്കുകയും ജീവിയ്ക്കുകയും ചെയ്ത പളനിയെപ്പോലെ ഏകാകിയായ കഥാപാത്രം പിൽക്കാലത്തെ ആധുനികസാഹിത്യത്തിൽ പോലും ഉണ്ടായിട്ടുണ്ടോ എന്നു് സംശയമാണു്." വി.സി. ശ്രീജന്റെ ഈ നിരീക്ഷണത്തെ സമർത്ഥിക്കുക. *15*



Optional Province · optionalprovince.com

(c) 'നോവൽ' എന്ന സാഹിത്യശാഖയുടെ അടിസ്ഥാന ലക്ഷണങ്ങൾ എന്തു് ? മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലായി പരിഗണിക്കുന്ന 'ഇന്ദുലേഖ' നോവലിന്റെ ലക്ഷണങ്ങൾ അനുസരിയ്ക്കുന്നുണ്ടോ എന്നു് വിശദമാക്കുക. *15*

**Q7.** (a) "നാടകമുൾപ്പെടെയുള്ള വ്യവസ്ഥാപിത സ്ഥാപനങ്ങളുടേയും സ്ഥാപനവൽകൃത വ്യവസ്ഥകളുടേയും പൊള്ളത്തരത്തേയും അസംബന്ധത്തേയും കണക്കിനു പരിഹസിയ്ക്കുമ്പോൾ തന്നെ ജനന - മരണങ്ങളുടെ പൊരുൾതേടുന്ന ഒരു ദാർശനിക നാടകമായി നിലയുറപ്പിയ്ക്കുവാനും '1128 ൽ ക്രൈം 27' എന്ന നാടകത്തിനു് സാദ്ധ്യമാകുന്നുണ്ടു്." സമർത്ഥിക്കുക. *20*

(b) "മാനസിക വളർച്ചയെത്താത്ത 'ജാനകിക്കുട്ടി'യുടെ പാത്രരചനയിൽ എം.ടി. വാസുദേവൻ നായർ സ്വീകരിയ്ക്കുന്ന മിഥ്യയും യാഥർത്ഥ്യവും ഇഴചേർന്ന ആഖ്യാന രചനാതന്ത്രം 'ചെറിയ ചെറിയ ഭൂകമ്പങ്ങൾ' എന്ന കഥയുടെ സംവേദനം കൂടുതൽ വൈകാരികമാകാൻ സഹായിക്കുന്നുണ്ടു്." സമർത്ഥിയ്ക്കുക. *15*

(c) കഥകളിയുടെ അന്തരീക്ഷവും സംസ്കാരവും 'കാർമെൻ' എന്ന കഥയെ ആദ്യവസാനം ഭവോജ്ജ്വലമാക്കുന്നതെങ്ങനെ എന്നു് വിശദമാക്കുക. *15*

**Q8.** (a) "ഒരു വ്യക്തിയുടെ കഥ മാത്രമല്ല 'കണ്ണീരും കിനാവും'. ഒരു കാലഘട്ടത്തിന്റെ കഥയും അതുമായി പിണഞ്ഞുകിടക്കുന്ന ഒരു സമുദായത്തിന്റെ കഥയും കൂടിയാണു്." വിശദമാക്കുക.. *20*

(b) ചങ്ങമ്പുഴയും സഞ്ജയനും തമ്മിൽ ഉണ്ടായ കലഹത്തിന്റെ കാര്യകാരണങ്ങളും സ്വഭാവവും വിവരിക്കുക. *15*

(c) "ഇതാണു് കർണ്ണനെ മഹാത്മാവാക്കുന്ന ത്യാഗമെന്നു് ഞാൻ പറയും. ഇവിടെ, തനിയ്ക്കു് അർജ്ജുനനോടുള്ള ഈറയേക്കാളും വലുതു് ദുര്യോധനനോടുള്ള കൂറാണെന്നു് ആ വീരൻ തെളിയിച്ചുവല്ലോ." വിശദമാക്കുക. *15*



Optional Province · optionalprovince.com